Week-3

# Weekly Devotionals of April 2016

## The Powerful hand of God

## (വീര്യം പ്രവർത്തിക്കുന്ന ദൈവകരം)




യബ്ബേസിന്റെ വിശ്വാസത്തോടെയുള്ള പ്രാർത്ഥനയുടെ അടുത്ത ഭാഗം(1ദിന:4:10) "നിശ്ചയമായും നിന്റെ കരം എന്നോടുകൂടെ ഇരിക്കണം." ദൈവത്തിന്റെ കരം വീര്യം പ്രവർത്തിക്കണമെങ്കിൽ ആ കരം നമ്മോടൊപ്പം ഉണ്ടാകണം. അതിനായി നാം യഹോവയോടെ അപേക്ഷിക്കണം, അതാണ് പ്രാർത്ഥന. ഒരു ദൈവ പൈതൽ ഭൂമിയിലിരുന്നുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം ഭൂമിയിലെത്തുന്നു. "എന്റെ ഹൃദയം ക്ഷീണി ക്കുമ്പോൾ ഞാൻ ഭൂമിയുടെ അറ്റത്തു നിന്ന് നിന്നെ വിളിച്ചപേക്ഷിക്കും"(സങ്കീ:61:2) അപ്പോഴാണ് ആ വിശുദ്ധകരം നമുക്കായി വീര്യം പ്രവർത്തിക്കുന്നത്. പ്രാർത്ഥനാവീരനായ ദാവീദ് രഹസ്യമായി ചെയ്ത തെറ്റ് യഹോവ ചൂണ്ടിക്കാട്ടിയപ്പോൾ തകർന്ന ഹൃദയ ത്തോടെയാണ് അവൻ പ്രാർത്ഥിച്ചത്. എന്റെ ലംഘനങ്ങളെ ഞാൻ അറി യുന്നു, എന്നെ അതിനാൽ നന്നായി കഴുകി ശുദ്ധിചെയ്യേണമേ എന്നും

നിന്നോട് പാപം ചെയ്ത എന്നെ നിന്റെ സന്നിധിയിൽ നിന്ന് തള്ളിക്കളയുകയോ, പരിശുദ്ധാത്മാവിനെ എടുത്തുകളയുകയോ ചെയ്യരുതേ എന്ന് യാചന കഴിക്കുന്നതായിരുന്നു ആ പ്രാർത്ഥന. തുടർന്ന് സാത്താന്റെ കരം നീങ്ങി യഹോവയുടെ കരം അവന്റെ മേൽ വന്നു. പിശാചിന്റെ കരം ഭാരമുള്ളതാണ്. അല്പ സുഖം തന്ന് നശിപ്പിക്കുന്ന ആ കരം നശിപ്പിക്കും മുൻപ് ദൈവം മനസ്സിലാക്കി കൊടുത്തപ്പോൾ ഒളിച്ചുവയ്ക്കുവാൻ ശ്രമിക്കാതെ അവ ഏറ്റു പറഞ്ഞ് ക്ഷമ ചോദിച്ചതിനാൽ, കൂടെയിരിക്കുന്ന അനുഗ്രഹകരം അവന്റെ മേൽ വന്നു.

അനുഗ്രഹത്തിന്റെ കരം ആത്മാർത്ഥമായി ആഗ്രഹിച്ച യബ്ബേസ് ആവശ്യം പറയുക മാത്രമല്ല ചെയ്തത് തന്റെ കുറവുകളെയും ദൈവത്തോട് സമ്മതിച്ചു. പൈശാചിക ഇഷ്ടങ്ങളിൽ നാം വീണുപോയത് ദൈവത്തോടു സമ്മതിക്കണം. പാപം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുമ്പോൾ ദൈവകരം നമുക്കായി പ്രവർത്തിയ്ക്കും. ശത്രു തകർക്കുവാൻ ശ്രമിക്കുമ്പോൾ ദൈവകരം അത്ഭുതം തോന്നുമാറ് പ്രവർത്തിയ്ക്കും.

ഒരു നടന്ന സംഭവം വായിച്ചത് രേഖപ്പെടുത്തുന്നു. മൂന്ന് ആൺമക്കളുള്ള പിതാവ് തന്റെ സ്വത്ത് ഭാഗം ചെയ്തു. സുമുഖന്മാരും വിദ്യാസമ്പന്നരുമായ മൂത്ത രണ്ട് ആൺമക്കൾക്കും സ്വത്തിന്റെ സിംഹഭാഗവും നൽകി. സൗന്ദര്യമില്ലാത്ത പഠിപ്പില്ലാത്ത ഇളയമകന് വഴിയില്ലാത്ത പാറക്കൂട്ടങ്ങളാൽ നിബിഡമായ സ്ഥലമാണ് നൽകിയത്. കുപിതനായ അവൻ വീടുവിട്ടിറങ്ങുക മാത്രമല്ല മദ്യപാനിയുമായിത്തീർന്നു. അവന്റെ പിതാവിനെ അവൻ കഠിനമായി വെറുത്തു. മദ്യം തകർത്തെറിഞ്ഞ അവനെ ആരോ നാട്ടുകാർ ഒരു ധ്യാനകേന്ദ്രത്തിലാക്കി. അവിടെ ലഭിച്ച ഉപദേശം ക്ഷമയുടെ ആത്മാവിനാൽ അവനെ നിറച്ചു.അനുഗ്രഹിക്കുന്ന ദൈവകരത്തെപ്പറ്റി കേട്ട് മനസ്സിലാക്കിയ മകൻ പുറത്തിറങ്ങിയപ്പോൾ ആദ്യം ചെയ്തത്

തന്റെ വീട്ടിലെത്തി പിതാവിനോട് ക്ഷമ ചോദിക്കുകയായിരുന്നു. പാപം ഏറ്റുപറയുന്നവരെ ഉപേക്ഷിക്കാത്ത ദൈവം അവന്റെ ജീവിതത്തിലും ഒര ത്ഭുതം ചെയ്തു. Tata Companyക്കാർ പാറ ധാരാളം ഉള്ള ഒരു സ്ഥലം നോക്കി അവിടെ എത്തുകയും , ഒരു ലോറി കല്ലിന് നല്ല വില നിശ്ചയിക്കുകയും ചെയ്തു. തുടർന്ന് വഴി ഇല്ലാത്തിടത്ത് വഴിയായി. ഒരു ദിവസം നൂറിനുമേൽ ലോറികൾ പാറയുമായി പോയിത്തുടങ്ങി. ദൈവകരം വന്നപ്പോൾ അവന് ധനവും ,മാനവും, സന്തോഷവും ലഭിച്ചു.

ഇത് മനസ്സിലാക്കിയ നമ്മളും യബ്ബേസിനെപ്പോലെ ദൈവകരത്തിനായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്താൽ നമ്മെ അവഹേളിച്ചവരുടെ മുൻപിൽ യഹോവ നമുക്ക് മാന്യത നൽകും. ദൈവകരത്തിന്റെ പ്രവർത്തനത്തിനായി കുരിശ് തൂക്കുകയോ, മലകയറുകയോ അല്ല ചെയ്യേണ്ടത്. യഹോവയുടെ സാന്നിദ്ധ്യത്തിനായി പ്രാർത്ഥിക്കുക. സംശയിക്കാതെ ആ കരത്തിന്റെ അത്ഭുതത്തിനായി കാത്തിരിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.



# പ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ദൈവമേ ! പ്രാർത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിച്ചതിനായി സ്തോത്രം. അങ്ങ് ഞങ്ങളുടെ പിഴകളെ ഞങ്ങളോട് ക്ഷമിച്ചതുപോലെ മറ്റുള്ളവരുടെ കുറവുകളെ ക്ഷമിപ്പാനുള്ള കൃപ ഞങ്ങൾക്കും തരേണമേ. യഹോവേ അടിയങ്ങളുടെ പ്രാർത്ഥന സ്വീകരിച്ച് ആ വിശുദ്ധ കരത്താൽ ഞങ്ങളെ തൊട്ട് ഞങ്ങളുടെ അതിരുകളെ വിസ്താരമാക്കി അനുഗ്രഹിക്കേണമേ, യേശുവിൻ നാമത്തിൽ തന്നെ,

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind